ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലയിൽ പുതിയ കമ്പനികളൊന്നും പുതുതായി രജിസ്റ്റർ ചെയ്തിട്ടില്ല.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ 37 സ്വകാര്യ കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്വകാര്യ മേഖലയിൽ രജിസ്റ്റർ ചെയ്ത മറ്റു കമ്പനികളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ശുപാർശ പ്രകാരമുള്ള പദ്ധതികൾ

11 [2783] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് പദ്ധതി തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ശുപാർശ പ്രകാരമുള്ള പദ്ധതികൾക്കായി പ്രസ്തുത സാമ്പത്തിക വർഷം വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫെബ്രുവരി 2005 വരെ 5626.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി ആന്റ് സി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിനായി 2004-05-ൽ വകയിരുത്തിയിരുന്ന 75 കോടി രൂപയിൽ നിന്നും, പദ്ധതിവിഹിതത്തിൽ വരുത്തിയിട്ടുള്ള കുറവ് കിഴിച്ചിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

12 [2784] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ 2003 വരെ എത്ര ജീവനക്കാർ ഉണ്ടായിരുന്നു; ശമ്പളയിനത്തിൽ പ്രതിമാസം എത്ര രൂപ വേണ്ടി വന്നിരുന്നു എന്ന് വെളിപ്പെടുത്താമോ;

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2003-നു ശേഷം ഹെഡ് ഓഫീസ്, മേഖലാ ഓഫീസ്, ജില്ലാ ഓഫീസ് പ്രോജക്ടുകൾ എന്നിവയിലാകെ എത്ര ജീവനക്കാരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ കരാർ നിയമനമെത്ര; ദിവസ വേതനമെത്ര; എംപ്ലോയ്മെന്റ് നിയമനം എത്ര; പി. എസ്. സി. നിയമനം എത്ര എന്ന് വിശദമാക്കുമോ;

(ഡി) കരാർ നിയമനക്കാർക്ക് ശമ്പള സ്കെയിൽ വ്യവസ്ഥ പ്രകാരം ശമ്പളം നൽകുന്നുണ്ടോ; അല്ലെങ്കിൽ ഏത് പ്രകാരമെന്ന് വ്യക്തമാക്കുമോ;

(ഇ) 2003-നു ശേഷം പ്രസ്തുത കോർപ്പറേഷന്റെ എത്ര പുതിയ ഓഫീസുകൾ, പ്രോജക്ടുകൾ, സ്കീമുകൾ എന്നിവ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(എഫ്) ഇപ്പോൾ ശമ്പളയിനത്തിൽ എത്ര തുക നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചു വരുന്നു.

കെല്ലിന് കെ.എസ്.ഇ.ബി.-യിൽ നിന്നും ലഭിച്ച ഓർഡറുകൾ

13 [2785] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെല്ലിന്റെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നു; അവ ഏതെല്ലാം;

(ബി) ഓരോ യൂണിറ്റിലും എത്ര ജീവനക്കാർ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്ര ജീവനക്കാർ കഴിഞ്ഞ 5 വർഷത്തിനിടയിൽ വി.ആർ.എസ്. എടുത്തു;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെല്ലിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ എത്ര ഓർഡറുകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കെല്ലിന്റെ താഴെ പറയുന്ന നാലു യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്.

1. കുണ്ടറ (കൊല്ലം)
2. മാമല (എറണാകുളം)
3. ഒലവക്കോട് (പാലക്കാട്)
4. ബന്തടുക്ക (കാസർഗോഡ്)



LIBRARY ARCHIVES Kerala Legislative Assembly